(ബി) അതിനു വല്ല പ്രത്യേക ഏജൻസി വ്യവസ്ഥയും നിലവിലുണ്ടോ;

(സി) ഇവിടെ വരുത്തുന്ന തുണിയെസംബന്ധിച്ചും തുലിനെസംബന്ധിച്ചും ഗവൺമെൻറു കൈക്കൊണ്ടിട്ടുള്ള നയം എന്താണു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) ഇവിടെവരുത്തുന്ന തുണിയും തുലും ലൈസൻസികളായ റീട്ടെയിൽ വ്യാപാരികൾമുഖേന നിയന്ത്രിതവിലക്കു് വിൽപന നടത്തുന്നു. തുണിയെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങൾക്കു് കൊടുക്കാവുന്ന സ്റ്റാക്കു് ക്ലിപ്തപ്പെടുത്തിയിട്ടില്ല. എന്നാൽ മൊത്തക്കച്ചവടക്കാർ റീട്ടെയിൽ വ്യാപാരികൾക്കു് ഒരു മാസത്തിൽ വിൽക്കുന്ന തുണി സ്റ്റാക്കു പത്തു കേപാട്ടായിൽ, അതായതു് ൪൦൦൦ രൂപായിൽ കൂടാൻ പാടില്ലെന്നു് ഇപ്പോൾ നിയന്ത്രിച്ചിട്ടുണ്ടു്.

ഈമാസംമുതൽ തുൽ സഹകരണ സംഘങ്ങൾ മുഖേനയാണു് വിതരണം ചെയ്യുന്നതു്. ഓരോ സംഘത്തിലും രജിസ്റ്റർചെയ്തിട്ടുള്ള തറികളുടെ എണ്ണം അനുസരിച്ചു് അവക്കു് തുൽ അനുവദിച്ചുകൊടുക്കപ്പെടും.

കുത്തകപ്പാട്ടം

* ൧൧൩൬. (൨൨) ശ്രീ. പിലിപ്പോസു് മുതലാളി: താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലാൻറു റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?—

(എ) തിരുവിതാംകൂർ വിഭാഗത്തിലുള്ള ഓരോ താലൂക്കിലും കുത്തകപ്പാട്ട ഇനത്തിൽ, ൧൯൦൦ മുതൽ ൧൯൪൭ വരെ, മുതൽവന്നിട്ടുള്ള സംഖ്യയെത്ര;

(ബി) പുതുക്കിയ ചട്ടം അനുസരിച്ചു് മുതൽ എത്ര ശതമാനം കൂട്ടിയിട്ടുണ്ടു്;

(സി) പുതുക്കിയ ചട്ടപ്രകാരം മുനിസിപ്പാലിറ്റിയിലും, ടൗണുകളിലും ഉള്ള തറയ്ക്കു് എന്തു പാട്ടം നിശ്ചയിച്ചിരിക്കുന്നു;

(ഡി) അധഃകൃതവർഗ്ഗക്കാർക്കും സാധുക്കൾക്കും പുതുക്കിയ കുത്തകപ്പാട്ട ചട്ടപ്രകാരമുള്ള സൗജന്യങ്ങൾ എതെല്ലാം;

(ഇ) ടൗണുകളിലും മുനിസിപ്പാലിറ്റികളിലും സാധുക്കൾ കെട്ടിക്കിടക്കുന്നതും കിടക്കാനുള്ളതുമായ തറ കുത്തകപ്പാട്ടം കൊടുക്കുമ്പോൾ സാധാരണ നിരക്കനുസരിച്ചു് ഏക്കറിനു് ൨൫ പണം വച്ചു് കൊടുക്കുന്നുണ്ടോ;

(എഫ്) വീടില്ലാത്ത സാധുക്കൾക്കു് ഗവൺമെൻറു് ചെലവിൽ വീടു കെട്ടികൊടുക്കുന്നതല്ലേ ഗവൺമെൻറിൻെറ നയം?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) വിവരങ്ങളുടങ്ങിയ ഒരു പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

(ബി) ൧൦൦ ശതമാനം.

(സി) പുതുക്കിയ ചട്ടപ്രകാരം മുൻസിപ്പാലിറ്റികളിലും ടൗണുകളിലും ഷാപ്പു് സൈറിനു സെൻറിനു് ൨൦ രൂപ പാട്ടവും പുരയിടത്തിനു് നൂറുപായ്ക്കു് അണയും നിലത്തിനു ൫ രൂപാ ൪ അണ പാട്ടവും നിശ്ചയിച്ചിരിക്കുന്നു.

(ഡി) പ്രവേശനമില്ലെങ്കിലും ലേലംകൂടാതെ ഒരു കുടുംബത്തിനു് മുന്നു് ഏക്കർസ്ഥലം വരെ അധഃകൃതവർഗ്ഗക്കാർക്കും സാധുക്കൾക്കും കുത്തകപ്പാട്ടം കൊടുക്കാമെന്നു് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ii) സാധാരണ നിരക്ക് (എക്കറിനു് ന ശ്രപാ വ്യ അണ) അന്വേഷിച്ചു് കൊട്ടക്കന്നുണ്ടു്.

(എഫ്) അതേ—കഴിവുള്ളിടത്തോളം.

(Vide answer to part (*a*) of interpellation No. 1167)

താലൂക്കു്	ഫ വ ം മുതൽ ഫവ ള വരെ മുതൽ വന്നിട്ടുള്ള സംഖ്യ		
	ശ്ര.	ണ.	പൈ.
തോവാള	വ്യ,വ ന്യ ന	ഫവ	വ
അഗസ്തീശ്വരം	ഭവ, ഫ ന വ്യ	ം	ം
കൽക്കുളം	വ്യ ള, ള ന്യ ന	ം	ം
വിളവൻകോടു്	ര ൻ, വ്യ ൻ ന്യ	ൻ	ള
നെയ്യാറ്റിൻകര	ഭ ഫ, ന്യ ര ഭ	ഫ	ന
തിരുവനന്തപുരം	ന്യ ന്യ, വ്യ ള ൻ	ഫ ം	ഫ ം
നെടുമങ്ങാടു്	വ്യ വ്യ, ര ന്യ വ്യ	ം	ം
ചിറയിൻകീഴു്	ന്യ ള, ൻ ന്യ ര	ഫ ം	ന
കൊല്ലം	ഭ ം, ം ര വ	ഫ	ര
കൊട്ടാരക്കര	ഫ, ന വ്യ, ഭ ഫ ഫ	ം	ൻ
പത്തനാപുരം	വ വ്യ, ഭ ം ം	ഫ ം	ഫ
ചെങ്കോട്ട	ഫ ൻ, വ്യ ം ഭ	ൻ	ം
കുന്നത്തൂർ	ന ര, ന്യ ഭ ഫ	ഫ ള	ഫ
കരുനാഗപ്പിള്ളി	ര ള, ന്യ ര ള	വ്യ	ര
കാർത്തികപ്പള്ളി	വ ൻ, ന ള ള	ര	വ
മാവേലിക്കര	വ വ, വ ഫ ഭ	ം	ഫ ം
തിരുവല്ല	ര വ്യ, ൻ വ്യ വ	ം	ം
പത്തനംതിട്ട	ഭവ, ഭ ന്യ വ്യ	ഭ	ള
അമ്പലപ്പുഴ	ഭന, വ ം ഫ	ന്യ	ം
ചേർത്തല	ന ന, ര ര ന്യ	ം	ഫ ം
ചങ്ങനാശേരി	ന ന, ഭവ ഭ	ന്യ	ന്യ
കോട്ടയം	ന ഫ, ഭ ഭ ഫ	ഫ ന	ഫ ം
വൈക്കം	ന്യ ന, ൻ ന ന്യ	ഫ ന	ം
മീനച്ചിൽ	വ ന്യ, ള ൻ ൻ	ഫ ന	ം
തൊടുപുഴ	വ്യ ം, ര ൻ ള	ം	ം
മുവാറ്റുപുഴ	ഫ ഫ, ന്യ ന്യ ള	ള	ന
ഉടുമ്പൻചോല	ഫ, വ ഭ, വ ള ഭ	ര	ഫ ം
പീരുമേട്	ര ഫ, വ്യ ം ഭ	ന	ം
കുന്നത്തുനാടു്	വ ര, ന ന്യ ൻ	ൻ	ഭ
പറവൂർ	വ ള, ഭവ ള	ഫ ന	ഭ

PRICE OF TAPIOCA

*1168. [29] **Sri. Eapen Arakkal:** Will the Hon'ble Minister for Food be pleased to state.—

(*a*) whether any check has been placed on the enhancement of price of tapioca;

(*b*) will the Government be pleased to control the price of tapioca so that the poor people may purchase this at a reasonable price; and

LIBRARY ARCHIVES Kerala Legislative Assembly